പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 172 07.03.2018 -ൽ മറുപടിക്ക്.

## റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ വിൽക്കുന്നത് തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ**<br>**ശ്രീ.പി.ഉബൈദുള്ള**<br>**ശ്രീ.മഞ്ഞളാംകുഴി അലി**<br>**ശ്രീ.പി.കെ.അബ്ദു റബ്ബ്** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) റേഷൻ സാധനങ്ങൾ കരിഞ്ചന്തയിൽ വിൽക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) ചില കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (ബി) ഇത് തടയുന്നതിനായി റേഷൻ സാധനങ്ങളുടെ നേരിട്ടുള്ള വാതിൽപ്പടി വിതരണം സപ്ലൈകോയെ നിയോഗിച്ച് കൊണ്ട് എല്ലാ ജില്ലകളിലും പൂർത്തീകരിച്ചു. കൂടാതെ പ്രതിമാസ റേഷൻ സംബന്ധിച്ച അറിയിപ്പ് എല്ലാ ഉപഭോക്താക്കൾക്കും എസ്.എം.എസ് അലർട്ടായി നല്കി വരുന്നുണ്ട്. വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർമാർ സിവിൽ സപ്ലൈസ് മാന്വൽ അനുസരിച്ച് അവരവരുടെ ഫർക്കയിലെ എല്ലാ എ.ആർ.ഡികളും മാസത്തിൽ ഒരു തവണ പരിശോധിക്കുകയും പ്രതിവാരം പത്ത് കാർഡുകളെങ്കിലും പരിശോധിച്ച് കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോ എന്നും റേഷൻ വ്യാപാരി കൃത്യമായി കണക്കുകൾ സൂക്ഷിക്കുന്നുണ്ടോ എന്നും പരിശോധിക്കുന്നു. മാത്രമല്ല സംസ്ഥാനതലത്തിൽ ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ രണ്ട് സംസ്ഥാനതല പരിശോധനാ സ്ക്വാഡുകളും ജില്ലാ തലത്തിൽ ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും പരിശോധനകൾ നടത്തി വരുന്നുണ്ട്. അതോടൊപ്പം ഇ-പോസ് മെഷീനുകൾ ഏപ്രിൽ മദ്ധ്യത്തോടെ എല്ലാ റേഷൻ കടകൾക്കും നല്കും. ഭക്ഷ്യധാന്യ വിതരണ വാഹനങ്ങളിൽ ജി.പി.എസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഗോഡൗണുകളിൽ സി.സി.റ്റി.വി വയ്ക്കുന്നതിനുള്ള സാധ്യതയും പരിശോധിച്ച് വരികയാണ്. |

| | |
|---|---|
| (സി) കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ ? | (സി) റേഷൻ വിതരണത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. 2017 ഏപ്രിൽ മുതൽ നവംബർ വരെ നടത്തിയ പരിശോധനയിൽ ക്രമക്കേടുകൾ നടത്തിയവരിൽ നിന്നും 10.78 ലക്ഷം രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്. വാതിൽപ്പടി വിതരണം നടത്തുന്ന ഇന്റർമീഡിയറി ഗോഡൗണുകളിൽ നടത്തിയ മിന്നൽ പരിശോധനയിൽ തിരുവനന്തപുരം ജില്ലയിലെ മേനംകുളം, ആലപ്പുഴ ജില്ലയിലെ മാവേലിക്കര, കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി എന്നീ ഗോഡൗണുകളിൽ ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് അവിടങ്ങളിലെ ഗോഡൗൺ ഇൻ ചാർജ്ജുമാരെ സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**